**HSE – II** **മലയാളം പാർട്ട് – 2** **സ്കോർ - 80**

**I. 1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരം വീതം എഴുതുക. സ്കോർ 2 വീതം (4x2 = 8)**

1. 'കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസുകൂട്ടിലാക്കി ഭംഗിയായി പൊതിയാൻ തുടങ്ങി' - ഈ വാക്കുകളിൽ തെളിയുന്ന കച്ചവടക്കാരന്റെ മനോഭാവമെന്ത്.

a) എല്ലാം വിൽപ്പനച്ചരക്ക്

b) മാനുഷിക മൂല്യങ്ങളെ പരിഗണിക്കുന്നു

c) സഹായ മനസ്കത

d) സ്വാർത്ഥത

2. 'അറബി മലയാള സാഹിത്യത്തിലെ നാട്ടുമൊഴിക്കാരനാണ് പുലിക്കോട്ടിൽ ഹൈദർ' - ഈ പ്രസ്താവനക്ക് യോജിച്ചവ എടുത്തെഴുതുക

a) ഏറനാടൻ പ്രയോഗം

b) ഒറ്റപ്പാട്ടു കെട്ടുന്നത്

c) സങ്കരഭാഷ

d) പുരുഷാധിപത്യം

3. 'പൂമാതിനൊത്ത ചാരുതനോ' - കൂട്ടത്തിൽപ്പെടുന്നത്

a) കേശിനി

b) നളൻ

c) ശകുന്തള

d) ദമയന്തി

4. കാക്കാരശ്ശി നാടകത്തിന്റെ സവിശേഷതയായി വരുന്നവ എഴുതുക

a) ആക്ഷേപഹാസ്യ പ്രധാനമാണ്

b) സംസ്കൃത പദങ്ങൾ നിറഞ്ഞവയാണ്

c) സാമൂഹ്യ വിമർശനം നടത്തുന്നു

d) പ്രമേയം വിഷ്ണുപുരാണവുമായി ബന്ധപ്പെട്ടത്

5. താഴെ കൊടുത്തവയിൽ നവമാധ്യമങ്ങളിൽ ഉൾപ്പെടാത്തവ ഏതൊക്കെ

a) റേഡിയോ

b) ഇൻസ്റ്റഗ്രാം

c) വാട്സാപ്പ്

d) പത്രം

**II. 6 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം (3x2 = 6)**

6. സൂര്യകുണ്ഠിന്റെ പ്രത്യേകത എന്തെല്ലാം

7. കാക്കാരശ്ശി നാടകം ഏത് കലാവിഭാഗത്തിൽപ്പെടുന്നതാണ്

8. "അന്നാദിപാക സംഭാരം സ്വാമി നിയോഗാൽ വന്നതു കണ്ടേനന്നേരം" - ഇവിടെ സ്വാമി എന്ന പദം ആരെയാണ് ഉദ്ദേശിക്കുന്നത്

9. 'പറ്റിയത് തേങ്ങക്കായിരുന്നു' - ഇതിൽ പ്രതിഫലിക്കുന്ന ഹാസ്യത്തെ കുറിച്ചുള്ള നിഗമനം എഴുതുക

**III. 10 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം (5x4 = 20)**

10. ലോകമേ തറവാട് എന്ന ആശയം ദൈവദശകത്തിൽ പ്രതിഫലിക്കുന്നുണ്ടോ

11. മാതൃഭാഷയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക

12. ദയാബായിയുടെ ജീവിതം നൽകുന്ന സന്ദേശമെന്ത്

13. "നമ്മുടെ രാജ്യത്തിന്റെ  അതിർത്തികൾ കാക്കുന്ന ഭടന്മാരുടെ സേവനവ്യഗ്രതയും സഹനശക്തിയും ധൈര്യവും ത്യാഗബുദ്ധിയും ഓർത്തു ഞാൻ അഭിമാന പുളകിതനായി" - ഇങ്ങനെ പറയാൻ എസ്.കെ.പൊറ്റക്കാടിനെ പ്രേരിപ്പിച്ച അനുഭവം എന്തായിരുന്നു.

14. "പുരുഷന്റെ അഹന്ത ഗൗളിജന്മത്തിലും തീർത്തും തേഞ്ഞു പോയിരുന്നില്ല" - ഇങ്ങനെ പറയാൻ കാരണമെന്ത്

15. സച്ചിന്റെ വിടവാങ്ങൽ പ്രസംഗം വികാരനിർഭരമാകാനുള്ള കാരണങ്ങൾ എന്തൊക്കെയാവാം

**IV. 16 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം (4x6 = 24)**

16. "പിറവിയിലുള്ളൊരു ജാതകദോഷം

കുറയല്ലതു കൊണ്ടിങ്ങനെ നമ്മെ-

ക്കുറവു പറഞ്ഞു നശിപ്പിക്കുന്നു

കുറവറ്റീടിന മുനികുലനാഥൻ" - ശീലാവതിയുടെ ഈ വാക്കുകളുടെ പൊരുൾ വ്യക്തമാക്കുക

17. 'സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടി വരുമ്പോഴൊക്കെ ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു' (പദത്തിന്റെ പഥത്തിൽ)

'അവർക്ക് പാകതവരുന്നതിന്റെ തെളിവാണിത്'     (പ്രകാശം ജലം പോലെയാണ്)

മാതാപിതാക്കളുടെ ഇടപെടൽ കുട്ടികൾക്ക് പ്രചോദനമാകുന്നത് എങ്ങനെയെന്ന് ഈ പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി വിശദമാക്കുക.

18. കേശിനി വിദഗ്ധയായ തോഴിയാണെന്ന് നമ്മൾ മനസിലാക്കുന്ന സന്ദർഭങ്ങൾ എതെല്ലാം

19. അനീതിക്കെതിരെ പ്രതികരിക്കുന്ന ആധുനിക സ്ത്രീസ്വത്വത്തിന്റെ പ്രതിനിധിയാണോ ശകുന്തള.? പാഠഭാഗം വിശകലനം ചെയ്ത് വിലയിരുത്തുക

20. പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ കാട്ജിനെ മാഡ്രിഡ് എന്നീ പ്രദേശങ്ങൾ ജിവിതാനുഭവങ്ങളുടെ വ്യത്യസ്തതയാണ് ആവിഷ്കരിക്കുന്നത് - ഈ പ്രസ്താവനയോട് പ്രതികരിക്കുക

## V. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 21 മുതൽ 23 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. സ്കോർ 2 വീതം. (3x2 = 6)

ലോകത്തിൽ ഏറ്റവും കൂടുതൽ ജനപ്രിയതയുള്ള കായിക വിനോദമാണ് കാൽപന്തുകളി അഥവാ ഫുട്ബോൾ.പതിനൊന്നു പേരടങ്ങുന്ന രണ്ടു ടീമുകൾ തമ്മിലുള്ള മത്സരമാണിത്. ചതുരാകൃതിയിലുള്ള മൈതാനത്തിലാണ് കളി നടക്കുന്നത്. മൈതാനത്തിന്റെ രണ്ടറ്റത്തും ഗോൾ പോസ്റ്റ് സ്ഥാപിച്ചിരിക്കും. ഗോളാകൃതിയിലുള്ള പന്ത് എതിർ ടീമിന്റെ ഗോളിൽ എത്തിക്കുകയാണ് ടീമുകളുടെ ലക്ഷ്യം. ഏറ്റവും കൂടുതൽ ഗോൾ നേടുന്നവർ കളി ജയിക്കുന്നു. കാലുകൊണ്ടാണു പ്രധാനമായും ഫുട്ബോൾ കളിക്കുന്നതെങ്കിലും കയ്യൊഴികെ മറ്റെല്ലാ ശരീര ഭാഗങ്ങളും കളിക്കാർ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ ഇരുടീമിലെയും ഗോൾകീപ്പർമാർക്ക് പന്തു കൈകൊണ്ടു തൊടാം. കളി നിയന്ത്രിക്കുന്നതിന് കളിക്കളത്തിനകത്ത് ഒരു പ്രധാന റഫറിയും, മൈതാനത്തിന്റെ ഇരു പാർശ്വങ്ങളിലും ഓരോ സഹ റഫറിമാരും ഉണ്ടാകും.

21. പന്തുകളിയിലെ ടീമുകൾ എന്തു ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കേണ്ടത്

22. ഫുട്ബോളിനെ ലേഖകൻ എങ്ങനെയാണ് വിശേഷിപ്പിക്കുന്നത്

23. ഫുട്ബോളിൽ ഗോൾ കീപ്പർമാരുടെ സ്വാതന്ത്ര്യം എന്ത്

**VI. 24 മുതൽ 26 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം (2x8 = 16)**

24. മാധ്യമങ്ങളെ പതിവു രീതിയിൽ നിന്ന് മാറ്റി അവയെ ജനാധിപത്യ വേദികളാക്കി പരിവർത്തിപ്പിക്കുന്നതിൽ സാങ്കേതിക വിദ്യയിലെ പുരോഗതി നല്ല പങ്ക് വഹിക്കുന്നുണ്ട്.

(നവമാധ്യമങ്ങൾ - ശക്തിയും സാധ്യതയും - വി.കെ.ആദർശ് )

- നവ മാധ്യമങ്ങളും ട്രോളുകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക

25. "വ്യാജസ്തുതി പാഠകരാണ് ജനാധിപത്യത്തെ എക്കാലത്തെയും ദുഷിപ്പിക്കുന്നത്." അഗ്നിവർണ്ണന്റെകാലുകൾ എന്ന നാടകം മുൻനിർത്തി വിലയിരുത്തുക.

26. "കിരാത വൃത്തം' എന്ന കവിതയിൽ കാട്ടാളൻ ഉയർത്തുന്ന ചോദ്യങ്ങളുടെ കാലിക പ്രസക്തിയെ കുറിച്ച് നിരൂപണം തയ്യാറാക്കുക.


തയ്യാറാക്കിയവർ

1. രാജീവ് ജി, 234324, SVHSS palemad, 11040
2. വിൻസെന്റ് സി പി, 231972, NHSS erumamunda
3. അബ്ദുൾനാസർ പൊന്നാടൻ, 648282, GHSS edakkara
4. ഷാനവാസ് വി, 448419, GVMCHSS wandoor
5. വിജയകൃഷ്ണൻ, 346152, RMHSS melattoor
6. സ്മിതകുമാരി പി എം, 633709, GHSS thiruvali
7. ഡോ.ലിസ പി, 642707, GHSS vettathoor
8. പ്രീത ടി ഡി, 345635, AMHSS vengoor
9. ശ്രീജ എസ്സ്, 755019, THSS thachinganadam
10. വിനയൻ കെ കെ, 672368, GHSS kavannur
11. സണ്ണി ടി ആർ, 284601, GHSS kavannur

12. പ്രമോദ് എം പി, 288803, GHSS areacode
13. അബ്ദുൾറഷീദ് കെ കെ, 492180, GHSS pattikkad
14. ഹരി എസ്സ്, 691831, CHSS adakkakundu

DRG

1. SALINI P, 450605, GHSS Karuvarakundu 11027
2. BENAZEER A, 744942, GGHSS wandoor 11145